വർക്കേഴ്സ് ബെനിഫിറ്റ് സ്കീം - 60 ലക്ഷം രൂപ, പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറിയിലെ തൊഴിലാളികൾക്ക് ധനസഹായം, കേരളത്തിലെ തയ്യൽ തൊഴിലാളികൾക്ക് ക്ഷേമപദ്ധതിയും മറ്റു പുതിയ ക്ഷേമപദ്ധതികളും, അസംഘടിത തൊഴിലാളികൾക്ക് ക്ഷേമനിധി പദ്ധതി നടപ്പിലാക്കുന്നതിനുള്ള അടിസ്ഥാന സഹായം - 6 ലക്ഷം രൂപ, കേരള ഓട്ടോറിക്ഷ തൊഴിലാളി, സർക്കസ് തൊഴിലാളി എന്നിവർക്കുള്ള സഹായമെല്ലാം ബന്ധപ്പെട്ട വകുപ്പുകൾ മുഖേന റിലീസ് ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കയർത്തൊഴിലാളികൾക്കുള്ള പെൻഷനും ഓണത്തിനുമുൻപ് കൊടുക്കുന്നതാണ്. വിവിധതരം പരമ്പരാഗത വ്യവസായത്തിലെ തൊഴിലാളികൾക്കുള്ള പെൻഷനും സോഷ്യൽ വെൽഫെയർ പെൻഷനും ഡെസ്റ്റിറ്റ്യൂട്ട് പെൻഷനും ഉൾപ്പെടെ എല്ലാ പെൻഷനുകളും ഓണത്തിനുമുൻപ് കുടിശ്ശിക തീർത്തുകൊടുക്കാൻവേണ്ടിയുള്ള നടപടികൾ എടുത്തുകഴിഞ്ഞു.

(2) സർവ്വീസ് പെൻഷൻകാരുടെ വിവിധ ആവശ്യങ്ങൾ

ശ്രീ. ടി.കെ. ബാലൻ : സർ, ഞാൻ ഇവിടെ സബ്മിഷനിലൂടെ ഉന്നയിക്കുന്നത് മൂന്നു ലക്ഷത്തോളം വരുന്ന സർവ്വീസ് പെൻഷൻകാരുടെ കാര്യമാണ്. ഓരോ വർഷവും 15,000-ത്തോളം പെൻഷൻകാർ പുതിയതായിട്ട് വരുന്നുണ്ട്. ഒരു മാസത്തെ പെൻഷൻതുക ഉത്സവബത്തയായി കൊടുക്കണമെന്നുള്ളതാണ് അവരുടെ പരമപ്രധാനമായ ഡിമാന്റ്. ആ ഡിമാന്റ് ഉന്നയിക്കുമ്പോൾതന്നെ അവർ പറയുന്നത്, താത്വികമായി ഇത് അംഗീകരിക്കുമ്പോൾ ഇപ്പോൾ ഗവൺമെന്റ് കൊടുക്കാൻ ഉദ്ദേശിക്കുന്ന തുക എത്ര ദിവസത്തെ പെൻഷൻ എന്ന രൂപത്തിൽ പ്രഖ്യാപിക്കണമെന്നാണ്. സർക്കാരിന്റെ ഭാഗത്തുനിന്ന് ആ കാര്യത്തിൽ വളരെ അനുഭാവപൂർവ്വമായ പരിഗണനയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

അതുപോലെതന്നെ അവരുടെ പെൻഷൻ നിയമം പാസ്സാക്കുക, അവരുടെ ക്ഷേമനിധിയെ സംബന്ധിച്ചിടത്തോളമുള്ള ഏർപ്പാടുകൾ ചെയ്യുക, ചികിത്സാപദ്ധതി എന്നിത്യാദി കാര്യങ്ങൾക്കുടെ പെൻഷണേഴ്സ് യൂണിയൻ മുന്നോട്ടുവയ്ക്കുന്നുണ്ട്. രണ്ടരലക്ഷം വരുന്ന പെൻഷൻകാർ അണിനിരന്നിട്ടുള്ള സ്റ്റേറ്റ് സർവ്വീസ് പെൻഷണേഴ്സ് യൂണിയൻ ഇന്ന് നിയമസഭാമാർച്ച് നടത്തുകയാണ്. ഈ പ്രധാനപ്പെട്ട ഡിമാന്റ്സിനെ സംബന്ധിച്ച്, പ്രത്യേകിച്ച് ഓണത്തിനുള്ള ഫെസ്റ്റിവൽ അലവൻസിനെ സംബന്ധിച്ച് അനുകൂലമായിട്ടുള്ള ഒരു തീരുമാനമെടുക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : ഇതുസംബന്ധിച്ച് ശ്രീ. എം. മുരളിയും സബ്മിഷന് നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, പെൻഷൻകാരുടെ പ്രശ്നങ്ങളോട് അനുഭാവപൂർവമായ സമീപനമാണ് ഈ സർക്കാർ കൈക്കൊണ്ടുവരുന്നത്. പെൻഷൻകാരുടെ മെഡിക്കൽ അലവൻസ് നിലവിലുണ്ടായിരുന്നതിന്റെ ഇരട്ടിയായി ഈ സർക്കാർ വർദ്ധിപ്പിച്ചു. അർഹതയുള്ള പ്രായപരിധി 65-ൽ നിന്നും 60 ആയി ചുരുക്കി. ജീവനക്കാരുടെ അവകാശമാണ് പെൻഷൻ എന്ന തത്വത്തിലുപരിയായി സാമൂഹ്യ സുരക്ഷിതത്വം ഉറപ്പുവരുത്തുക എന്ന കാഴ്ച്ചപ്പാടോടുകൂടി സർക്കാർ സാദ്ധ്യമായ എല്ലാ നടപടികളും കൈക്കൊള്ളുന്നുണ്ട്. നിലവിലുള്ള നിയമപ്രകാരം മിനിമം

LIBRARY ARCHIVES Kerala Legislative Assembly

പെൻഷന് അർഹതയില്ലാത്ത ജീവനക്കാർക്കുകൂടി പെൻഷൻ നൽകാൻ സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടുവരുന്നു. സംസ്ഥാന സർക്കാർ ശമ്പളപരിഷ്കരണത്തോടൊപ്പംതന്നെ സർവ്വീസ് പെൻഷൻകാരുടെ പെൻഷനും പരിഷ്ക്കരിച്ചു. ജീവനക്കാർക്ക് ക്ഷാമബത്ത നൽകുമ്പോൾ അതേ ഉത്തരവിൽത്തന്നെ പെൻഷൻകാർക്കും ക്ഷാമാശ്വാസം അനുവദിക്കുകയുണ്ടായി. സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ബോണസിനെക്കുറിച്ചും ഉൽസവബത്തയെക്കുറിച്ചും തീരുമാനമെടുക്കുന്നതിനോടൊപ്പംതന്നെ പെൻഷൻകാരുടെ ഉത്സവബത്തയെക്കുറിച്ചും തീരുമാനമെടുക്കും. ഉത്സവബത്തയുടെ അളവ് ഇന്നത്തെ സാമ്പത്തിക സ്ഥിതിയുടെയും വികസന പ്രവർത്തനങ്ങൾക്ക് വേണ്ടിവരുന്ന ചെലവുകളുടെയും പശ്ചാത്തലത്തിൽ പരിശോധിച്ചശേഷം മാത്രമേ നിശ്ചയിക്കാൻ പറ്റൂ. പക്ഷെ, ഒരുകാര്യം ഞാൻ ഇവിടെ പറയാം. പെൻഷൻകാർക്ക് കൊടുക്കുന്ന ബോണസ് ഓണത്തിന് ജീവനക്കാർക്ക് കൊടുക്കുന്നതുപോലെ ഒരു ലംപ്സം കൊടുത്ത് നിറുത്തലാണ് ഇതുവരെ പതിവെങ്കിൽ ഇത്ര ദിവസത്തെ പെൻഷൻ അവർക്ക് ഓണത്തിന് കൊടുക്കുമെന്ന് പറയലാണ് ശരി. ഇതാണ് ഗവൺമെൻറിന്റെ നയം. അത് എത്ര ദിവസത്തെ പെൻഷൻ കൊടുക്കുമെന്നുതന്നെ വ്യക്തമായി പറയും. ഗവൺമെന്റിന്റെ സാമ്പത്തിക പരിധിയിൽനിന്നുകൊണ്ട് അത് പരമാവധി കൊടുക്കുകയും ചെയ്യും. പിന്നെ പെൻഷൻ നിയമത്തെ സംബന്ധിച്ചാണ് പറഞ്ഞത്. പെൻഷൻ നിയമത്തിന്റെ നാനാവശങ്ങളും പരിശോധിച്ച് ഗവൺമെന്റിന് ഒരു നയപരമായ തീരുമാനമെടുക്കേണ്ടതുണ്ട്. അത് എതിർക്കേണ്ട ഒരു നിയമമല്ല. പക്ഷെ അതിന്റെ എല്ലാ വശങ്ങളും പഠിച്ച് അവരുമായി ചർച്ച ചെയ്ത് അതിനെ സംബന്ധിച്ച് ഉചിതമായ തീരുമാനം ഗവൺമെന്റ് കൈക്കൊള്ളുന്നതാണ്.

(3) നെടുമങ്ങാട് ഗവൺമെന്റ് കോളേജിലെ മെയിൻ ബ്ലോക്കിന്റെ പണി

<u>ശ്രീ. പാലോട് രവി</u> : സർ, വിദ്യാഭ്യാസപരമായി വളരെ പിന്നോക്കം നിൽക്കുന്ന ഒരു മലയോരത്താലൂക്കായ നെടുമങ്ങാട് സ്ഥിതിചെയ്യുന്ന കോളേജാണ് നെടുമങ്ങാട് ഗവൺമെന്റ് കോളേജ്. ഡിഗ്രി, പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിഗ്രി ഉൾപ്പെടെയുള്ള ഒന്നാംകിട കോളേജുകളിൽ ഒന്നാണ് നെടുമങ്ങാട് കോളേജ്. 15 വർഷങ്ങൾക്കുമുൻപ് പ്രീഡിഗ്രി മാത്രമായി തുടങ്ങിയ ഈ കോളേജ് ഇന്ന് കേരളത്തിലെ പ്രധാനപ്പെട്ട കോളേജുകളിൽ ഒന്നാണ്. ഈ ജില്ലയിലെ ഏറ്റവും വലിയ താലൂക്ക് ആസ്ഥാനത്തുള്ള ഈ കോളേജിന് ആവശ്യമായ സ്ഥലവും ഇപ്പോൾ പ്രവർത്തിക്കുന്ന കോളേജ് ഓഫീസും കോളേജ് കെട്ടിടവും നാട്ടുകാർ പണിതീർത്തുകൊടുത്തതാണ്. ഈ കോളേജിന് ഒരു മെയിൻ ബ്ലോക്ക് പണിയുന്നതിന് 2 വർഷങ്ങൾക്കു മുൻപ് 99 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് എടുക്കുകയുണ്ടായി. അത് ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകൾക്ക് അയച്ചുകൊടുത്തു. അതിനാവശ്യമായ ഭരണാനുമതി ഇതുവരെ ലഭിച്ചില്ല. അങ്ങ് കോളേജിൽ വന്നതാണ്. ബഹുമാനപ്പെട്ട സ്പീക്കർ പലതവണ കോളേജിൽ വന്നതാണ്. ഈ ഗവൺമെന്റ് കോളേജിന് ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലുള്ള മെയിൻ ബ്ലോക്ക് പണിയുന്നതിനാവശ്യമായ അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ നൽകണം, അതിന്റെ പണി തുടങ്ങാനുള്ള നടപടി സ്വീകരിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ. നമ്മുടെ സർവ്വകലാശാല ശുപാർശ ചെയ്തിട്ടുള്ള കോഴ്സുകൾ, ഏകകണ്ഠമായി ഈ കോളേജിന് ശുപാർശ

LIBRARY ARCHIVES Kerala Legislative Assembly